## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 352 — 07.01.2014-ൽ മറുപടിയ്ക്ക്

## കെ. എസ്. ഇ. ബി - യുടെ ആസ്തി തിട്ടപ്പെടുത്തുന്നതിനുള്ള മാനദണ്ഡം.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ. എസ്. ഇ. ബി കമ്പനിവല്ക്കരിക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ആസ്തി തിട്ടപ്പെടുത്തുന്നതിന് എന്തു മാർഗ്ഗമാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) വൈദ്യുതി ബോർഡുകളുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട് വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമാണ് ആസ്തികളുടെ ട്രാൻസ്ഫർ വാല്യു കണക്കാക്കിയിട്ടുള്ളത്. വൈദ്യുതി ബോർഡുകളുടെ പുന:സംഘടനയ്ക്ക് തയ്യാറാക്കുന്ന സ്കീമിൽ അവയുടെ ലാഭം, സാമ്പത്തിക ഭദ്രത, ഇക്കണോമിക് എഫിഷ്യൻസി മുതലായവ പരിഗണിക്കണമെന്ന് നിർദ്ദേശിക്കുന്നു. സംസ്ഥാന വൈദ്യുതി ബോർഡുകളിലെ കണക്കുകളിൽ സഞ്ചിത നഷ്ടങ്ങളും റഗുലേറ്ററി അസറ്റുകളും കിട്ടാക്കടങ്ങൾ മുതലായവ പിരിച്ചെടുക്കാൻ കഴിയാത്ത ആസ്തികളുമുണ്ട്. കൂടാതെ വൈദ്യുതി ബോർഡുകളുടെ കണക്കുകളിൽ ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത കണക്കാക്കി ഉൾക്കൊള്ളിച്ചിട്ടില്ലാത്തവയാണ്. എന്നാൽ കമ്പനി നിയമത്തിന്റെയും അക്കൗണ്ടിംഗ് നിയമത്തിന്റെയും (അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ്) ഭാഗമായി ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ബാദ്ധ്യത അക്ചയൂറിയൽ വാല്യേഷനിലൂടെ കണക്കാക്കി പുതിയ കമ്പനിയുടെ ബാലൻസ് ഷീറ്റിൽ ഈ ബാദ്ധ്യത ഉൾക്കൊള്ളിക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ പ്രക്രിയകൾ നടത്തി സാമ്പത്തിക ഭദ്രത കാണിക്കുന്ന ക്ലീൻ ബാലൻസ് ഷീറ്റ് തയ്യാറാക്കി പുതിയ കമ്പനിയ്ക്ക് കൈമാറുന്നതിന് ആവശ്യമായ ആസ്തി പുനർനിർണയമാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. റവന്യൂ പൊട്ടൻഷ്യലിന്റെ അടിസ്ഥാനത്തിൽ ഇടുക്കി, ശബരിഗിരി, മറ്റ് ജനറേറ്റിംഗ് അസറ്റ്സ്, മുതലായവയുടെ മൂല്യം പ്രൊവിഷണലായി പുനർനിർണയം ചെയ്താണ് റിവെസ്റ്റിംഗ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | ഇതിനുള്ള ചുമതല ആർക്കാണ് നൽകിയത് എന്ന് അറിയിക്കുമോ ; | (ബി) | ഇലക്ട്രിസിറ്റി ബോർഡുകളുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട ഈ മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ പി. എഫ്. സി കൺസൾട്ടിംഗ് ലിമിറ്റഡ് എന്ന കമ്പനിയാണ് ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതിനുള്ള സ്കീം തയ്യാറാക്കിയത്. |
| (സി) | ഇക്കാര്യത്തിൽ സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ? | (സി) | വൈദ്യുതി ബോർഡുകളുടെ പുനസംഘടനയുമായി ബന്ധപ്പെട്ട് 2003-ലെ വൈദ്യുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ആസ്തികളുടെ ട്രാൻസ്ഫർ വാല്യു ടി സ്ഥാപനം കണക്കാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.